## വൈദ്യുതാഘാതമേറ്റ് മരിച്ച ഡ്രൈവർക്ക് തൊഴിലുടമ നഷ്ടപരിഹാരം നല്കണമെന്ന ഉത്തരവ് റദ്ദാക്കി

### ബോംബെ ഹൈക്കോടതി

F.A. No. 1045/2015 Dt. 20.2.2020

ഗംഗാറാം റാംഭൗ ഡി.

x

ശ്രീകൃഷ്ണ ട്രാൻസ്പോർട്ട്

സ്ഥാപനത്തിൽ ലോറി ഡ്രൈവറായി തൊഴിലാളി ജോലിയിൽ പ്രവേശിച്ചത് 2008-ലാണ്. 2010-ൽ ഒരു ദിവസം പതിവുപോലെ ചരക്കു കയറ്റിയ ലോറി ലക്ഷ്യസ്ഥാനത്തെത്തിച്ചതിനു ശേഷം ചരക്കിറക്കിക്കഴിഞ്ഞപ്പോൾ ഡ്രൈവർ അയാളുടെ കേബിനിൽ നിന്ന് ക്ലീനർ ഇരിക്കുന്ന വശത്തുകൂടി പുറത്തേക്കിറങ്ങി. ഡ്രൈവറുടെ വശത്തുള്ള വാതിലിലൂടെ പുറത്തേക്കിറങ്ങാൻ സ്ഥലമില്ലാത്തതിനാലാണ് അയാൾ ക്ലീനറുടെ വാതിലിലൂടെ പുറത്തേക്കിറങ്ങിയത്. അയാൾ പുറത്തേക്കിറങ്ങിക്കൊണ്ടിരിക്കെ ലോറിക്കു മുകളിലൂടെ വലിച്ചിരുന്ന വൈദ്യുതി കമ്പി പൊട്ടിവീണു. ലോറിക്കു മുകളിൽ വൈദ്യുതി കമ്പി വീണതോടെ ഇറങ്ങിക്കൊണ്ടിരുന്ന ഡ്രൈവർക്ക് വൈദ്യുതാഘാതമേറ്റു. അയാൾ തൽക്ഷണം അബോധാവസ്ഥയിൽ താഴേക്കു വീണു. അപ്പോൾ തന്നെ അയാൾ മരണമടയുകയും ചെയ്തു. മരിച്ച തൊഴിലാളിയുടെ മാതാപിതാക്കന്മാർ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. ലോറിയുടെ ഇൻഷുറൻസ് കമ്പനിയുടെ വാദങ്ങൾ അംഗീകരിച്ച കമ്മീഷണർ മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് 8,95,840 രൂപ വിധി തീയതി മുതൽ 12% പലിശ സഹിതം തൊഴിലുടമ നല്കണമെന്ന് വിധിച്ചു. ഇതിനെതിരെ ആശ്രിതർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. വൈദ്യുതാഘാതമേറ്റ് ഡ്രൈവർ മരിച്ചത് തൊഴിലപകടം മൂലമാണെന്നും വാഹനത്തിൽ ജോലി ചെയ്യുമ്പോഴുണ്ടായ അപകടത്തിന് നഷ്ടപരിഹാരം നല്കാൻ വാഹന ഉടമയ്ക്കും വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനിക്കും ബാധ്യതയുണ്ടെന്നും അപകട തീയതി മുതൽ പലിശ ലഭിക്കേണ്ടതാണെന്നും ആശ്രിതർ വാദിച്ചു. വാഹനം മൂലം അപകടമുണ്ടായാൽ മാത്രമേ വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനിക്ക് ബാധ്യതയുള്ളൂവെന്നും വാഹനത്തിൽ വച്ച് വൈദ്യുതാഘാതമേറ്റ് മരിച്ച തൊഴിലാളിയുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നല്കാൻ തങ്ങൾ ബാധ്യസ്ഥരല്ലെന്നും ഇൻഷുറൻസ് കമ്പനി വാദിച്ചു. വാഹനത്തിൽ ജോലി ചെയ്തുകൊണ്ടിരിക്കെ തൊഴിലാളിക്കുണ്ടാകുന്ന ഏത് അപകടത്തിനും നഷ്ടപരിഹാരം നല്കാനുള്ള ബാധ്യത വാഹനത്തിന്റെ ഇൻഷുറൻസ് കമ്പനിക്കാണെന്ന് ഹൈക്കോടതി വിലയിരുത്തി. നഷ്ടപരിഹാരം അപകടം നടന്ന തീയതി മുതലുള്ള പലിശ സഹിതമാണ് നല്കേണ്ടതെന്നും ഹൈക്കോടതി ചൂണ്ടിക്കാട്ടി. എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെ വിധി ഭേദഗതി ചെയ്ത ഹൈക്കോടതി ഇൻഷുറൻസ് കമ്പനി 8,95,840 രൂപ അപകട തീയതി മുതൽ 12% പലിശ സഹിതം മരിച്ചയാളുടെ ആശ്രിതർക്ക് നല്കണമെന്ന് വിധിക്കുകയും ആശ്രിതരുടെ അപ്പീൽ അനുവദിക്കുകയും ചെയ്തു.